# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **30-07-2015-ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 5894**

## വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം

**ചോദ്യം**

ശ്രീ. വി.ശശി

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള കേന്ദ്ര നിക്ഷേപം എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തിന് അർഹമായതും ആവശ്യമായതുമായ തരത്തിലുള്ള കേന്ദ്ര നിക്ഷേപം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിച്ച അതേ തോതിന്റെ കേന്ദ്രനിക്ഷേപം കേരളത്തിന് ലഭിച്ചിട്ടുണ്ടോ ?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. ന്റെ കൊച്ചി റിഫൈനറിയുടെ വിപുലീകരണത്തിനും അനുബന്ധ പെട്രോകെമിക്കൽ വ്യവസായത്തിന്റെ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമുണ്ടായിട്ടുണ്ട്. ഇതു കൂടാതെ ഗെയിലിന്റെ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിയ്ക്കായി 3000 കോടി രൂപയും കോഴിക്കോട് നിർദ്ദേശ് പദ്ധതിയ്ക്കായി 200 കോടി രൂപയും കേന്ദ്ര നിക്ഷേപമായി ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്.

വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. എന്നാൽ സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നിക്ഷേപ വിഹിതം ഇതര സംസ്ഥാനങ്ങളുടെ വിഹിതവുമായി താരതമ്യം ചെയ്യുകയോ വിശകലനം നടത്തുകയോ ചെയ്തിട്ടില്ല.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ